# ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

മതിലകം ഓഫീസ്, ഫോർട്ട്,തിരുവനന്തപുരം-695 023

NO.A.2/SPST/MO/AULS/2023 16.09.2023

## ക്വട്ടേഷൻ നോട്ടീസ്

## അൽപശി ഉത്സവം-2023

1. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ 14.10.2023 ൽ തുടങ്ങുന്ന അൽപശി ഉത്സവത്തോടനുബന്ധിച്ച് 22.10.2023ൽ നടക്കുന്നപള്ളിവേട്ടയ്ക്കും 23.10.2023ൽ നടക്കുന്ന ആറാട്ടിനും ഘോഷയാത്ര കടന്നുപോകുന്ന സ്ഥലങ്ങളിൽ ഈ ഓഫീസിൽ നിന്നുള്ള നിർദേശ പ്രകാരം ഹാലജൻ ലൈറ്റുകൾ കത്തിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. അതനുസരിച്ച് 22.10.2023 പള്ളിവേട്ട ദിവസം ക്ഷേത്രത്തിന്റെ പടിഞ്ഞാറേനടയിൽ എൽ.ഇ.ഡി.200/400 വാൾട്ടിന്റെ 20 ലൈറ്റും, വടക്കേനടയിൽ എൽ.ഇ.ഡി. 200/400 വാൾട്ടിന്റെ 20 ലൈറ്റും, വേട്ടകളത്തിൽ എൽ.ഇ.ഡി. 200/400 വാൾട്ടിന്റെ 20 ലൈറ്റും ആയത് കത്തിക്കുന്നതിനാവശ്യമായ 25 കെ.വി.ജനറേറ്ററും, 23.10.2023 ആറാട്ട്ദിവസം ശംഖുമുഖം ആറാട്ട്കടവിൽ 200/400 വാൾട്ടിന്റ എൽ.ഇ.ഡി.ഫ്ളഡ് ലൈറ്റ് 35 എണ്ണവും,4 ടവർകെട്ടി 200/400 വാൾട്ടിന്റെ എൽ.ഇ.ഡി.ലൈറ്റ് 30 എണ്ണവും, 6 പാർ ലൈറ്റും ആയത് പ്രകാശിപ്പിക്കുന്നതിനാവശ്യമായ 62 കെ.വി.ജനറേറ്ററും പ്രവർത്തിപ്പിക്കുന്നതിനും കൂടാതെ 14.10.2023 മുതൽ 23.10.2023 വരെ പടിഞ്ഞാറേനട മുതൽറോഡുവരെയും വടക്കേനട മുതൽ റോഡുവരെയും സീരിയൽസെറ്റും, ട്യൂബുലൈറ്റുകളും കെട്ടി അലങ്കരിക്കുന്നതിലേക്കും, 14.10.2023 മുതൽ 23.10.2023 വരെ കലാപരിപാടികൾ നടക്കുന്ന 2 സ്റ്റേജിനാവശ്യമായ സൗണ്ട്സിസ്റ്റം, ലൈറ്റ് എന്നിവ പ്രവർത്തിപ്പിക്കുന്നതിനും പണിക്കൂലിഅടക്കം രേഖപ്പെടുത്തി കാണിച്ച് ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ 21.10.2023 വൈകുന്നേരം 04.30 മണിയ്ക്ക് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നേരം 5മണിയ്ക്ക് ഹാജരാക്കിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുന്നതുമാകുന്നു.

2. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുവാനോ, നിരസിക്കാനോ ഉള്ള പൂർണ്ണ അവകാശം എക്സിക്യൂട്ടീവ് ഓഫീസർക്ക് ആയിരിക്കും.

3. ടെണ്ടർ സമർപ്പിക്കുന്നവർക്ക് ബി ക്ലാസ്സ്/ സി ക്ലാസ്സ് ഇലക്ട്രിക്കൽ ലൈസൺസ് ഉണ്ടായിരിക്കേണ്ടതാണ്.ലൈസൻസിന്റെ പകർപ്പ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

4. തുക കുറവായി കാണുന്ന ക്വട്ടേഷൻ സ്വീകരിക്കാവുന്നതാണെങ്കിലും എക്സിക്യൂട്ടീവ് ഓഫീസറുടെ യുക്താനുസരണം കുത്തക സ്ഥിരപ്പെടുത്തുവാനോ നിരസിക്കുവാനോ അവകാശമുണ്ടായിരിക്കുന്നതുമാണ്.

5. പ്രസ്തുത ലൈറ്റുകൾ എല്ലാം ടി ദിവസം വൈകുന്നേരം 6 മണിയ്ക്ക് കത്തിച്ച് ചുമതലക്കാരെ ബോദ്ധ്യപ്പെടുത്തി അവരുടെ നിർദേശാനുസരണം പ്രവർത്തിക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്: മാനേജർ, ഇല്കട്രിഷ്യൻ, നോട്ടീസ് ബോർഡ്, വെബ്സൈററ് 4 നടകൾ,
സ്റ്റോക്ക് ഫയൽ സെക്ഷൻ.